

# റോസാ തളിരുകൾ

## ഡിജിറ്റൽ മാസിക

ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ

നേര്യമംഗലം

ലിറ്റിൽ കൈറ്റ്സ് സംരഭം

# റോസാ തളിരുകൾ

## ഡിജിറ്റൽ മാസിക

## 2019-20

ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ

നേര്യമംഗലം

ലിറ്റിൽ കൈറ്റ്സ് സംരംഭം

ഒരു വിദ്യാലത്തിന്റെ ആത്മാവിഷ്ക്കാരമാണ്
സ്കൂൾ മാഗസിൻ അതിലെ ഒരോ രചനക്കും
ഒരോ കഥ പറയാനുണ്ടാകും ആ കഥകളെല്ലാം
ചേർത്ത് വെച്ചാൽ അതിലെ ഒരോ കഥാപാത്ര

ങ്ങളെന്ന് നാം അറിയുന്നു. അവിടെ
ഉദാത്തമായ കലാ സ്യഷ്ടി

പിറവിയെടുക്കുന്നു.വിദ്യാത്ഥികൾക്ക് ശരിയായ
ജീവിത മാർഗങ്ങൾ കാട്ടിക്കൊടുത്തുകൊണ്ട്
പ്രസിദ്ധീകരിക്കുന്ന ഈ ഡിജിറ്റൽ
മാഗസിന്റെ പിന്നിൽ പ്രവർത്തിച്ച
എല്ലാവർക്കും എല്ലാ അഭിനന്ദനങ്ങളും
ഭാവുകങ്ങളും നേരുന്നു.



സ്കൂൾ
എച്ച്. എമം
ബഷീർ

# ആനയും മുയലും

ഒരിടത്ത് ഒരു കാട്ടിൽ ഓരന ദേഷ്യം പിടിച്ച് വരുകയായിരുന്നു. അപ്പോൾ ഒരു മുയൽ വന്ന് ചോദിച്ചു എന്താണ് ചേട്ടാ ഇങ്ങനെ ദേഷ്യം നടക്കുന്ന് . അഹങ്കാരിയയ ആനക്ക് അത് ഇഷ്ടപ്പെട്ടില്ല അവൻ മുയലിന്റെ ചെവിയിലേക്ക് തുമ്പിക്കൈ കൊണ്ട് ഊതി മുയലിന് വളരെ യതികം വേദനിച്ചു വേദനകൊണ്ട് അവൻ ഓടി. ഇതൊക്കെ കണ്ടു കൊണ്ട് നിന്ന കുരങ്ങന് ഒരു ബുദ്ധി തോന്നി ഈ ആനയെ ഓരു പാഠം പഠിപ്പിക്കണം. മഴക്കാലം വന്നു ഓരോ കുഴിയിലും വെള്ളം നിറഞ്ഞു ആനക്ക് വല്ലാതെ ദാഹം തോന്നി അപ്പോൾ ആന അത് കണ്ടു ആ കുഴിൽ നിറഞ്ഞ വെള്ളം കുടിച്ചു കുറച്ചു നേരം കഴിഞ്ഞപ്പോൾ ആനയുടെ തുമ്പിക്കൈ എരിഞ്ഞു പുകഞ്ഞു അവൻ അവിടെ നിൽക്കാതെ ഓടി പോയി.

സ്വാധിക

# സ്നേഹപ്പൂവ്!

ഒരിടത്തൊരിടത്ത് ഒരു പാവം

സൂര്യകാന്തിപ്പൂവുണ്ടായിരുന്നു. പൂന്തോട്ടത്തിലെ

മറ്റ് പൂക്കളോടെല്ലാം വലിയ സ്നേഹമായിരുന്നു

ആ പൂവിന്. ഒരു ദിവസം ഒരു കൊച്ചുകുട്ടി

പൂന്തോട്ടത്തിലെത്തി. അവൾ ആ പൂ

പറിച്ചെടുത്ത് വീട്ടിനുള്ളിലെ ഫ്ളവർവേസിൽ

കൊണ്ടുവച്ചു. ഒരു ദിവസം ആ പൂവിനെ

നോക്കിയപ്പോൾ അത് ഉണങ്ങിത്തുടങ്ങി. പൂവ്

വലിച്ചെറിഞ്ഞു അത് നിലത്തു കിടന്ന് മഴ

പെയ്യുതു തുടങ്ങിയപ്പോൾ അത് വീണ്ടും

എഴുന്നേറ്റ് സുന്ദരമായ സൂര്യകാന്തി പൂവുകൾ

ഉണ്ടവാൻ തുടങ്ങി

മനീഷ

# കടങ്കഥകൾ

ഓടിനടക്കും തീയുണ്ട = മിന്നാമിനുങ്ങ്

പാൽമൊന്തയിൽ കരിമീൻ = കണ്ണ്

കാട്ട്പുല്ല് വീട്ടുസഭയിൽ = പുൽപായ

കൊക്കിരിക്കും കുളം വറ്റിവറ്റി = വിളക്ക്

കാളകിടക്കും കയറോട്ടം = മത്തങ്ങ

കറുത്ത മലക്ക് നാലുകാല് = ആന

എന്നെതൊട്ടാൽ തൊട്ടവനെത്തട്ടും= വൈദ്യുതി കമ്പി

ചെടിയിൽ കായ, കായിൽ ചെടി = കൈതച്ചക്ക

ഒരമ്മ പെറ്റതെല്ലാം കറുത്ത പട്ടാളം = കട്ടുറുമ്പ്

അമ്മയെ തൊട്ട മകൻ വെന്തു മരിച്ചു = തീപ്പെട്ടിക്കൊള്ളി

ഹെവിൻ

# പുലിയമ്മാവന്റെ കുപ്പായം

പുലിയമ്മാവനു കിട്ടിപ്പോയി
പിള്ളകളുള്ളൊരു കുപ്പായം
മിന്നമിനെയുള്ളൊരു മഞ്ഞത്തുണിയിൽ
കറുത്ത പുള്ളിക്കുപ്പായം
കാലുകൾ നാലിനു പാകത്തിൽ ഹായ്
കോലു കണക്കൊരു വാലിന്നും
തടിയനു തെല്ലും അളവുകൾ തെറ്റാ-
താരിതു തുന്നി കുപ്പായം?

ഹെവിൻ

# മുറ്റത്തെ പൂക്കൾ

മുറ്റത്തെ പൂവുകൾ
കൺതുറന്നു
എത്ര മനോഹരം ഈ ഉടുപ്പ്!
കുഞ്ഞിളം കാറ്റൊന്ന്
തൊട്ടുനോക്കി
പൂമ്പാറ്റ വന്നൊരു പാട്ടുപാടി
ചന്തത്തിൽ പുത്തനുടുപ്പുമിട്ട്
കോരിത്തരിച്ചു പൂ കേട്ടു നിന്നു!
നട്ടുച്ച വെയിലത്ത്
പൊള്ളി നിൽക്കെ
എല്ലാരുമങ്ങ് പിരിഞ്ഞുപോയി
പൂവിന്നിളം ചിരി
മാഞ്ഞുപോയി!

അലൻ

# ഭാഗ്യവാനായ ദണ്ഡൻ

മഹാഭയങ്കരനായ ഒരു കള്ളനായിരുന്നു ദണ്ഡൻ. ഒരിക്കൽ അയാൾ ഒരു ക്ഷേത്രത്തിൽ മോഷണം നടത്താൻ പോയി. കാലിലെ ചെളി നിലത്തു തേച്ച ശേഷമാണ് ദണ്ഡൻ ശ്രീകോവിലിനുള്ളിൽ കയറിയത്. ആ ചെളി വീണ് അവിടെയുണ്ടായിരുന്ന കുഴികൾ അടഞ്ഞു. പക്ഷേ, മോഷണം നടത്തി തിരികെപ്പോകും വഴി ഒരു പാമ്പ് കടിച്ച് ദണ്ഡൻ മരിച്ചു. മരണശേഷം ദണ്ഡൻ എത്തിച്ചേർന്നത് യമദേവന്റെ അടുത്താണ്. അറിയാതെയാണെങ്കുംകാലിലെ ചെളികൊണ്ട് ക്ഷേത്രത്തിലെ കുഴികൾ അടച്ചതോടെ ദണ്ഡൻ ചെയ്തു കുട്ടിയ പാപങ്ങളെല്ലാം ഇല്ലാതായിക്കഴിഞ്ഞു. പാപങ്ങൾ ഒഴിഞ്ഞ ദണ്ഡനെ നന്മ ചെയ്യുന്നവർ മാത്രം എത്തിച്ചേരാറുള്ള വിഷ്ണു ലോകത്തേക്ക് അയയ്ക്കുകയും ചെയ്തു.

മനീഷ

# എന്റെ നാട്,നല്ല നാട്

കേരങ്ങൾ പീലി വിടർത്തിയാടും
കേരളമാണെന്റെ ജന്മനാട്
കാടും മലകളും തോടുകളും
പാടവും ചേർന്നതാണെന്റെ നാട്!
പൂരവും തെയ്യവും കാവടിയും
കാവും നിറഞ്ഞതാണെന്റെ നാട്
കഥകളിമേളമുയർന്നൊരൊങ്ങും
കലയുടെ കോവിലാണെന്റെ നാട്!
അല്ലിയും മല്ലിയും മുല്ലകളും
പൂത്തുലഞ്ഞാടുന്ന നല്ലനാട്
തത്തയും പ്രാവും മയിൽക്കിടാവും
തത്തിക്കളിക്കുന്നൊരെന്റെ നാട്
വെണ്ണനെയ്ക്കിണ്ണവും കൈയിലേന്തി
വെണ്ണിലാവെത്തുന്ന പുണ്യനാട്
മണ്ണിനെ പൊന്നാക്കി മാറ്റിടുന്ന
മണ്ണിന്റെ മക്കൾ നിറഞ്ഞ നാട്

മനീഷ

# പഞ്ചാരക്കുഞ്ചു

കുഞ്ചിയമ്മയ്ക്കുഞ്ചുമക്കളാണേ -
യഞ്ചാമനോമനക്കുഞ്ചുവാണേ.
പഞ്ചാരവിറ്റു നടന്നു കുഞ്ചു
പഞ്ചാരക്കുഞ്ചെന്ന പേരുവന്നു.
വഞ്ചിയിൽപ്പഞ്ചാരച്ചാക്കുവച്ചു
തുഞ്ചത്തിരുന്നു തുഴഞ്ഞു കുഞ്ചു.
പഞ്ചാര തിന്നു മടുത്തു കുഞ്ചു.
ഇഞ്ചി കടിച്ചു രസിച്ചു കുഞ്ചു.
കുഞ്ചിയമ്മയ്ക്കുഞ്ചു മക്കളാണേ -
യഞ്ചാമൻ പഞ്ചാരക്കുഞ്ചുവാണേ.

അർജ്ജുൻ

# *ഒരപ്പം തിന്നാലും*

# *നെയ്യപ്പം തിന്നണം*

ഒരപ്പം തിന്നാലും

നെയ്യപ്പം തിന്നണം

നെയ്യപ്പം തിന്നാൽ

രണ്ടുണ്ടു  കാരിയം.

മുഞ്ഞിയും മിനുക്കാം

മുടിയും മിനുക്കാം.

ഒരുത്തനെ പിടിച്ചാലും

കരുത്തനെ പിടിക്കണം

ഒരുകമ്പേ പിടിച്ചാലും

പുളിങ്കമ്പേ പിടിക്കണം.

മനീഷ

# വിഷുപക്ഷിപാട്ട്

ചെക്കൻ തൊട്ടിറ്റ
ചക്കക്കുപ്പില്ല
മുങ്ങാൻ വെള്ളില്ല
കൊട്ട്യൂശ്രൂട്ടുണ്ട്
പൂവാൻ പൊറപ്പെട്ടു
വിത്തും കൈക്കോട്ടും
കള്ളൻ ചക്കോട്ടു
കണ്ടാമിണ്ടണ്ടാ
കൊണ്ടത്തിന്നോട്ടെ

ആൽബിൻ

# സിംഹവും മുയലും

ഒരിടത്തൊരു സിംഹം വിശന്നു വലഞ്ഞുനടക്കുകയായിരുന്നു. അപ്പോൾ ഒരു ശബ്ദം കേട്ടു. ശബ്ദം കേട്ട് ആ വശത്തേക്കു പോയി. ശബ്ദം കൂടി കൂടി വന്നപ്പോൾ സിംഹംത്തിനു മനസിലായി അതിന്റെടുത്തെത്തിയെന്ന്. സിംഹം കണ്ടു.

ഉറങ്ങിക്കൊണ്ടിരിക്കുന്ന ഒരു മുയൽ കൂർക്കംവലിക്കുന്നതായിരുന്നു അത്.

അപ്പോൾ അതുവഴി ഒരു മാൻ ഓടുന്നത് സിംഹം കണ്ടു.

സിംഹം ഒരു നിമിഷം ആലോചിച്ചു നോക്കി.

മുയൽ ഉറങ്ങുകയല്ലേ മാനിനെ പിടിക്കണോ.

കിട്ടിയാൽ മുയലിനേയും മാനിനെയും തിന്നാൻ കഴിയുമെന്നു കരുതി . സിംഹം മാനിനെ പിടിക്കാൻ ഓടിപ്പോയി. ആ ശബ്ദം കേട്ട് മുയൽ ഓടിപ്പോയി. സിംഹംവളരെ ദൂരം എത്തി.

മാനിനെപിടിക്കാൻ പറ്റിടിതെ വിശന്നുവലഞ്ഞുതിരിച്ചെത്തിയപ്പോൾ മുയലിനെ കാണാതായി. ആ ദിവസം സിംഹംത്തിനുഭക്ഷണം കിട്ടിയില്ല ഒരു മൃഗത്തിനെ പിടിക്കാനും പറ്റിയില്ല.

ഗുണപാഠം: ശക്തിയിലല്ല ബുദ്ധിയിലാണു കാര്യം.

Anriya jaysion

s.t.d:5 A: g.v.h.s.s,nerimangalam

# *ഒരപ്പം തിന്നാലും*
# *നെയ്യപ്പം തിന്നണം*

ഒരപ്പം തിന്നാലും
നെയ്യപ്പം തിന്നണം
നെയ്യപ്പം തിന്നാൽ
രണ്ടുണ്ടു കാരിയം.
മുഞ്ഞിയും മിനുക്കാം
മുടിയും മിനുക്കാം.
ഒരുത്തനെ പിടിച്ചാലും
കരുത്തനെ പിടിക്കണം
ഒരുകമ്പേ പിടിച്ചാലും
പുളിങ്കമ്പേ പിടിക്കണം.

മനീഷ

# പഴഞ്ചൊല്ലുകൾ

"പുകഞ്ഞ കൊള്ളി പുറത്ത്"

"മുളയിലറിയാം വിള "

"നിലമറിഞ്ഞ് വിത്തിടണം"

"വിള പുറത്തിട്ട് വേലി കെട്ടരുത്"

"വേവുവോളം നിന്നാൽ
തണിയുവോളം നിൽക്കണം"

"ചട്ടുകമെന്ത് സ്വാദറിഞ്ഞു"

"പല തുള്ളി പെരുവെള്ളം"

"മെല്ലെത്തിന്നാൽ മുള്ളും തിന്നാം"

"പാലം കുലുങ്ങിയാലും കേളൻ
കുലുങ്ങുകയില്ല "

"കാക്കയുടെ വായിലേ അട്ട ചാവൂ "

"തന്നത്താനറിഞ്ഞല്ലെങ്കിൽ പിന്നെത്താൻ
അറിയും"

"വടി കൊടുത്ത് അടി വാങ്ങരുത്"

അർജ്ജുൻ

# ആലസ്യം

പൂവുകളെന്നും വിടരുന്നു
പുഴ പതിവായിട്ടൊഴുകുന്നു
കിളികൾ ചിലച്ചു പറക്കുന്നപ്പു
കിഴക്ക് സൂര്യനുദിക്കുന്നു
ദിനകൃത്യങ്ങൾക്കില്ല മുടക്കം
പ്രകൃതിലൊന്നിനുമെള്ളോളം
മഴയായയലും വെയിലായാലും
മഞ്ഞും കിളിരും വന്നാലും

അൽഷിഫ്

# *The fox and the snake*

once upon a time there lived a fox in the forest. One morning  he has wandering in the forest . He felt very much bored. As the was passing by he saw a hug  thick and long snake lying under a tree. His long bod stretched from once corner of the path to the other.

The fox was very much impressed by the snakes big size

Alshif

# *Sonu and monu*

once there were two crow named sonu and monu .they were very good frinds.
One day they argued for one thing. They wanted to prove their superiority at last they decided on a challenge . Each of them was supposed to fly with a loaded bag in their beaks.
The crow which could fly up higher would be declared the best.
Sonu was a nasty crow he put cotton balls in his bag and salt in monus bag
then the two crows took flight soon sonu was flying higher than monu as he had light weight cotton in his bag but monu could not fly higher because he had to carry the salt bag.

Alshif

# <u>തേപ്പ്</u>

"കണ്ണോട് കണ്ണ് നോക്കി
മെയ് മേലെ മാറ്റ് കൂട്ടി
ചങ്കോട് ചേർന്നൊരു
ചിന്നക്കാലം
ഇന്നെന്റെ ചുണ്ടുകളിൽ
ചേരുമൊരു ചീത്തവിളി
മുഖം കറുപ്പിച്ച് പോയ
കുഞ്ഞിപ്പെണ്ണ്
ലാബിന്ന് വന്നനേരം
ലൈറ്റായി നോക്കിയ
പ്പോൾ ലൈവായി
പുഞ്ചിരിച്ച ലില്ലി കള്ളി
കളിമെല്ലെ കാര്യമായി

ഡയറിമിൽക്ക് ഡയിലി
യായി കൂട്ടുകാർ പറഞ്ഞ
പോലെ തേപ്പ് കിട്ടി
തേപ്പ് കിട്ടി ട്യൂബ് പൊട്ടി
ആകെ മൊത്തം മെന്റലായി
ആട്ടമാടി നടന്നൊരു ആറ്
മാസം
രാരിരോ പാട്ട് പടി രാഗങ്ങൾ
മാറ്റി പാടി രസതന്ത്ര ക്ലാസെ
ടുത്ത പ്രീമ ടീച്ചർ
ഇന്റ്റർവെല്ല് സമയത്ത് ഗ്ലാമ
റുള്ള മോന്തക്കായി നൈസായി
തേച്ച് തീർത്ത സോപ്പും കട്ട

അൽഷിഫ്

## *The wolf and the lamb*

once upon a time a flock of sheep was grazing in a meadow. The sheep heard and a pack of sheep dogs were taking care of the flock
one day a lamb strayed away from the flock ignoring the repeated instruction of the shepherd. a wolf followed the sheep. The lamb saw the wolf following. He thought of getting the attention of the dogs nearby. the lamb devised a plan. He turned to the wolf and said. dear friend i know you are going to eat me up
would you please grant me one last wish?

Alshif

# ലിറ്റിൽ കൈറ്റ്സ് ക്ലബ് അംഗങ്ങൾ

# *2019-20*

